- **ഇൻഡസ്ട്രീസ്**

വ്യവസായിക വികസനം ത്വരിതപ്പെടുത്തുന്നതിനും ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായ പദ്ധതികൾ ആവിഷ്ക്കരിക്കുക.

- **ആരോഗ്യം**

പശ്ചാത്തല മേഖലയിൽ മാലിന്യ നിർമ്മാർജ്ജനം അതുവഴി ശുചിത്വം കൈവരിക്കുന്നതിനും, രോഗകാരണങ്ങളില്ലാതാക്കുന്നതിനും, റോഡ്, കാന എന്നിവയുടെ വികസനം വഴി ഈ രംഗത്തെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുക.

എല്ലാവർക്കും വാസയോഗ്യമായ വീട്, ശുദ്ധജല ലഭ്യത, പാരമ്പര്യേതര ഊർജ്ജ ലബ്ധി എന്നിവയ്ക്കായി പ്രത്യേക പ്രോജക്ടുകൾ ഏറ്റെടുത്ത് നടത്തുക.

പ്രാഥമിക മേഖലയായ (Primary Sector) ഉൽപാദനമേഖല, ദ്വിതീയ മേഖല (Secondary Sector) ,സേവനമേഖല, ത്രിതീയ മേഖലയായ (Thritory Sector) പാശ്ചാത്തല മേഖല എന്നിവയുടെ കീഴിൽ വരുന്ന എല്ലാ പ്രവർത്തനങ്ങളും മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് സമയബന്ധിതമായ പ്രോജക്റ്റുകളാക്കി അവയുടെ നിർവ്വഹണം നടത്തുക.

പ്രസ്തുത പ്രോജക്റ്റുകളുടെ നിർവ്വഹണം വഴി സ്ഥിരം തൊഴിലവസരങ്ങളും അതുവഴി വരുമാനവും, ആൾശേഷിയും വർദ്ധിപ്പിച്ച് ജീവിത നിലവാരം ഉയർത്തുന്നതിന് കളമൊരുക്കുക.
പ്രൈമറി സെക്ടറുകളിൽ ഉത്പാദനം വർദ്ധിപ്പിച്ച് അവ സംഭരണം നടത്തിയും, വൈവിധ്യവൽക്കരണം വഴിയും, വിപണനം വഴിയും ഈ സെക്ടറുകൾ സജീവമാക്കുക.



പ്രവാസികൾക്ക് പുത്തൻ പ്രതീക്ഷകളുമായി......

# പ്രവാസി ഹെൽപ് ഡെസ്ക്

കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം സംരംഭം

<u>പ്രവാസിസേവനങ്ങൾ ഒരുകുടക്കീഴിൽ ലഭ്യമാക്കുന്നു.</u>

- പാസ്പോർട്ട് അപേക്ഷ
- പ്രവാസി ക്ഷേമ നിധി അപേക്ഷ
- പ്രവാസി ക്ഷേമനിധി അംശാദായം
- നോർക്ക ഐ.ഡി. കാർഡ്
- സാന്ത്വനം അപേക്ഷ
- കാരുണ്യം അപേക്ഷ
- സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
- പ്രവാസി പുനരധിവാസ പദ്ധതി (NDPREM)
- വിസ എമിഗ്രേഷൻ
- കൂടാതെ 30 ലധികം സേവനങ്ങൾ

കേരളീയ പ്രവാസി ക്ഷേമ നിധി ബോർഡ്, നോർക്ക വകുപ്പ്,നോർക്ക റൂട്ട്സ്, സെന്റർ ഫോർ മാനേജ്മെന്റ് ഡവലപ്പ്മെന്റ്, ടൂർ ഫെഡ് തുടങ്ങിയവയിലൂടെയും മറ്റു സ്ഥാപനങ്ങളിലൂടെയും പ്രവാസി മലയാളി(തിരിച്ചുവന്നവർ ഉൾപ്പെടെ)കളുടെ ക്ഷേമവികസനത്തിനുതകുന്ന വിവിധ പദ്ധതികളും സേവനങ്ങളും പ്രവാസി മലയാളികളുടെ വീട്ടുപടിക്കലെത്തിക്കുന്ന എന്ന ലക്ഷ്യം നിറവേറ്റുന്നതിനായി ആവശ്യമായ എല്ലാ സേവനങ്ങളും ലഭിക്കുന്ന ഒരു സ്ഥാപനമെന്ന നിലയ്ക്കാണ് പ്രവാസി ഹെൽപ് ഡെസ്ക് വിഭാവനം ചെയ്തിട്ടുള്ളത്.

രജിസ്ട്രാറുടെ മുൻകൂർ അനുമതിയോടെ സംഘത്തിന്റെ പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുകയും, സംഘത്തിന്റെ ധനാഗമമാർഗ്ഗമായി കെട്ടിടം, ഷോപ്പിംഗ് കോംപ്ലക്സ് എന്നിവ നിർമ്മിച്ച് വാടകക്ക് നൽകുക.

**മെമ്പർഷിപ്പ്**

വിദേശത്ത് താമസിക്കുന്നവരും വിദേശവാസം അവസാനിപ്പിച്ച് തിരിച്ചുവന്നവരുമായ ഏതൊരു പ്രവാസിക്കും അംഗത്വം ലഭിക്കും.

അംഗത്വഫീസ് 250 രൂപ (ഒരു ഷെയർ).
എത്ര ഷെയർ വേണമെങ്കിലും ലഭിക്കും.

**രജിസ്ട്രേഷൻ ഫീസ് 25 രൂപ**



## ലക്ഷ്യം അകലെയല്ല....!

കേരളസംസ്ഥാന പ്രവാസി
ക്ഷേമ സഹകരണ
സംഘത്തിൽ അംഗമാകൂ....
പ്രവാസത്തിന്റെ ശിഷ്ട
കാലം ധന്യമാക്കൂ....!


**ഗുരുവായൂർ മുനിസിപ്പാലിറ്റി
പ്രവാസി ക്ഷേമ സഹകരണ സംഘം**
ക്ലിപ്തം. നമ്പർ R 1496

Near Private Bus Stand East Nada, Guruvayur
P.O.Guruvayur, Pin. 680101
Thrissur Dt., Kerala State.
Mob: 9188072717
e-mail-gvrpravasiwcs1496@gmail.com


പ്രവാസികൾക്കുവേണ്ടി പ്രവാസികളാൽ
ആദ്യമായി രൂപീകരിക്കപ്പെട്ട
ഗുരുവായൂരിലെ ഏക
സഹകരണസ്ഥാപനം



സുഹൃത്തേ,

പ്രവാസി മലയാളികൾക്കിടയിൽ സഹകരണ ആശയം പ്രചരിപ്പിക്കുകയും, അവരുടെ കൂട്ടായ്മയിലൂടെ പ്രവാസികൾ അഭിമുഖീകരിക്കുന്ന പുനരധിവാസം, വ്യവസായം, വാണിജ്യം, തൊഴിൽ,ആരോഗ്യം-ചികിത്സ, കുട്ടികളുടെ വിദ്യാഭ്യാസം, ഭവനനിർമ്മാണം തുടങ്ങി സമസ്ത മേഖലകളിലും സേവനം നൽകുന്നതിന് ലോകമെമ്പാടുമുള്ള മലയാളികളുടെ പങ്കാളിത്തത്തോടെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ ഗുരുവായൂരിൽ പ്രവർത്തനം ആരംഭിക്കുന്ന സഹകരണ പ്രസ്ഥാനമാണ് ഗുരുവായൂർ മുനിസിപ്പാലിറ്റി പ്രവാസി ക്ഷേമ സഹകരണ സംഘം. സംഘത്തിൽ അംഗമാകുകയും, പ്രവാസികളുടെ സർവ്വതോന്മുഖമായ വളർച്ചയോടൊപ്പം നാടിന്റെ പുരോഗതിയിലും നമുക്കൊറ്റക്കെട്ടായി സഹകരിക്കാം.

ആശംസകളോടെ
ഡയറക്ടർ ബോർഡ് അംഗങ്ങൾ



## ഉദ്ദേശ്യലക്ഷ്യങ്ങൾ

1. പ്രവാസി മലയാളികൾക്കിടയിൽ മിതവ്യയ ശീലവും, സഹകരണ മനോഭാവവും പ്രോത്സാഹിപ്പിക്കുക.

2. പ്രവാസി മലയാളികൾക്ക് വ്യാവസായികം, വാണിജ്യപരം, തൊഴിൽ പരം, ആരോഗ്യ–ചികിത്സാപരം, ഭവനനിർമ്മാണം, കച്ചവട സംബന്ധം, മറ്റാവശ്യങ്ങൾ എന്നിവക്കായി വായ്പ നൽകുക.

3.മെമ്പർമാർക്ക് വ്യവസായം,വാണിജ്യം,തൊഴിൽ, ഗാർഹികം, വിദ്യാഭ്യാസം, ആരോഗ്യ– ചികിത്സാ, ഭവനനിർമ്മാണം എന്നീ ആവശ്യങ്ങൾക്ക് വായ്പ നൽകുക.

4.പ്രവാസികളുടെ സാമ്പത്തികോന്നമനത്തിനും കുടുംബജീവിതം ഭദ്രമാക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.

5.വ്യവസായം, വ്യാപാരം, വാണിജ്യം, സേവന മേഖല എന്നിവ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

## പ്രവർത്തനങ്ങൾ

### ട്രാവൽ & ടൂറിസം

ടൂറിസം വികസനത്തിനാവശ്യമായ റസ്റ്റോറന്റുകൾ, ഹോട്ടലുകൾ,റിസോർട്ടുകൾ, ടൂറിസ്റ്റ് വില്ലേജുകൾ എന്നിവ ആരംഭിക്കുക. സഞ്ചാരികളെ ആകർഷിക്കുന്നതിനായി ആയുർവേദ യോഗ ചികിത്സാ കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കുക.

### ഇൻഫ്രാസ്ട്രക്ചർ ഡവലപ്പ്മെന്റ്

പശ്ചാത്തല മേഖലയിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക ഇതിന് ആവശ്യമായ റോഡുകൾ, പാലങ്ങൾ മറ്റു നിർമ്മാണ പ്രവർത്തനങ്ങൾ എന്നിവ സംഘം നേരിട്ടും മറ്റു സ്ഥാപനങ്ങളുമായി കൂട്ടായി നടത്തുക.

### മാൻപവർ റിക്രൂട്ട്മെന്റ്

കൂടുതൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. വിദേശരാജ്യങ്ങളിൽ തൊഴിൽ തേടുന്നവർക്കായി റിക്രൂട്ടിംഗ് ഏജൻസികൾ ആരംഭിക്കുക.

### ഹൗസിംഗ് സ്കീം

മെമ്പർമാർക്കാവശ്യമായ വീടുകൾ, ഫ്ളാറ്റുകൾ, മറ്റു നിർമ്മിതികൾ എന്നിവ നിർമ്മിക്കുന്നതിനും വാങ്ങുന്നതിനും ആവശ്യമായ ധനസഹായം നൽകുക.